പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1561** **21. 01. 2014**- ലെ മറുപടിക്ക്

## നിതാഖത്ത് നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. അജിത്** | **ശ്രീ. കെ. സി. ജോസഫ്**<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിൽ നിതാഖത്ത് നിയമം നടപ്പിൽ വന്നതിനു ശേഷം എത്ര കേരളീയർ ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയതായാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സൗദിയിൽ തൊഴിൽ നിയമം കർശനമാക്കിയതിനെത്തുടർന്ന് തൊഴിൽ നിയമ ലംഘകർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി രാജ്യം വിടേണ്ടിവന്നിട്ടുള്ളവരുടെ കണക്ക് നോർക്ക വകുപ്പിൽ ലഭ്യമല്ല. നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് 01/04/2013 മുതൽ 31/12/2013 വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലും നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ഓൺലൈനിലൂടെയും ആകെ 20,835 പേർ സൗദി അറേബ്യയിൽ നിന്ന് മടങ്ങിയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഗൾഫ് രാജ്യങ്ങളിലാണ് നിയമം നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (ബി) സൗദി അറേബ്യ |
| (സി) പ്രസ്തുത നിയമത്തിൽ ഇളവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) നിതാഖത്ത് പ്രശ്നം ഉണ്ടായപ്പോൾ തന്നെ പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതലസംഘം ഡൽഹിയിൽ പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി, പ്രതിരോധമന്ത്രി, പ്രവാസികാര്യമന്ത്രി, വിദേശകാര്യ സഹമന്ത്രി എന്നിവരെ കണ്ട് ഈ വിഷയം ചർച്ച ചെയ്യുകയും കേന്ദ്രസർക്കാരിന്റെ ഇടപെടലിനെ തുടർന്ന് നിതാഖത്ത് നിയമം കർശനമായി നടപ്പിലാക്കുന്നതിന് സൗദി സർക്കാർ 7 മാസത്തെ ഇളവ് അനുവദിക്കുകയും ആ കാലയളവിനുള്ളിൽ എംബസ്സിയുടെ സഹായത്തോടെ തൊഴിൽ രേഖകൾ ക്രമവൽക്കരിക്കുന്നതിനും, സൗദിയിലെ താമസരേഖകൾ ക്രമീകരിക്കുന്നതിനും അതിന് കഴിയാത്തവർക്ക് ശിക്ഷിക്കപ്പെടാതെ തിരികെ നാട്ടിൽ വരുന്നതിന് കളമൊരുക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) നിതാഖത്ത് നിയമത്തെ തുടർന്ന് തിരിച്ചെത്തിയ കേരളീയരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) ഇത്തരത്തിൽ തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശീവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായാൽ അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായപകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബാങ്ക് വായ്പകളിന്മേൽ പലിശ ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണ്.<br><br>1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം<br>3. സ്വയം സംരംഭക സഹായ പദ്ധതി<br>4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക<br>5. സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ<br><br>പിന്നാക്ക സമുദായത്തിൽപ്പെട്ട തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. |
| (ഇ) തിരികെ എത്തുന്ന പ്രവാസി ഇന്ത്യാക്കാരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ